## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1933 — 22.3.2012-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി വില്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളനിർമ്മാണത്തിന് പൊതുവിപണിയിൽ നിന്നും ഓഹരിവില്പനയിലൂടെ എന്തുതുക സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര ലിമിറ്റഡ് വിമാനത്താളം ലിമിറ്റഡ് (KIAL) കമ്പനിയുടെ ഓഹരി വില്പനയിലൂടെ 245 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരാൾക്ക് ഓഹരി പങ്കാളിത്തത്തിനായി എടുക്കേണ്ട ഏറ്റവും കുറഞ്ഞ ഓഹരികളുടെ എണ്ണവും തുകയും എത്രയെന്നാണ് നിജപ്പെടുത്തിയിരുന്നതെന്നു വ്യക്തമാക്കുമോ: | (ബി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (KIAL) കമ്പനിയിൽ ഒരാൾക്ക് ഓഹരി പങ്കാളിത്തത്തിനായി എടുക്കേണ്ട ഏറ്റവും കുറഞ്ഞ ഓഹരികളുടെ എണ്ണം 2001 ഉം തുക 2,00,100 രൂപയുമായിരുന്നു. |
| (സി) | ഇപ്പോൾ ഇത് ഏതു രീതിയിലാണ് മാറ്റം വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഇപ്പോൾ ഒരാൾക്ക് എടുക്കേണ്ട ഏറ്റവും കുറഞ്ഞ ഓഹരികളുടെ എണ്ണം 500 ഉം തുക അൻപതിനായിരവുമാണ്. |
| (ഡി) | 2011 മാർച്ച് 31 വരെ എത്ര ഓഹരിമൂലധനം സ്വരൂപിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | (ഡി) | 31.3.2011 വരെ 10,15,00,000/- രൂപ (പത്ത് കോടി പതിനഞ്ച് ലക്ഷം രൂപ ) ഓഹരി മൂലധനമായി സ്വരൂപിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഇ) | നാളിതു വരെ സ്വരൂപിച്ച ഓഹരിമൂലധനം എത്രയെന്ന് വ്യക്തമാക്കുമോ; | (ഇ) | നാളിതുവരെ 18,15,00,000/- രൂപ(പതിനെട്ട് കോടി പതിനഞ്ച് ലക്ഷം രൂപ) ഓഹരി മൂലധനമായി സ്വരൂപിച്ചിട്ടുണ്ട്. |
| (എഫ്) | എത്ര ഓഹരി ഉടമകൾക്ക് ഷെയർ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | 11 ഓഹരി ഉടമകൾക്ക് ഷെയർ സർട്ടിഫിക്കറ്റുകൾ ഇതുവരെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ